©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY


| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ജൂലൈ 3<br>3rd July 2018<br>1193 മിഥുനം 19<br>19th Mithunam 1193<br>1940 ആഷാഢം 12<br>12th Ashadha 1940 | നമ്പർ<br>No. | 27 |


## PART IV

# Private Advertisements and Miscellaneous Notifications

## ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറുടെ കാര്യാലയം

എം. ജി. റോഡ്, പടിഞ്ഞാറേനടക്കാവ്,
തൃശ്ശൂർ-680 001
Phone : 0487 2424158 Fax : 0487 2424158
Email : dfithrissur@gmail.com

ദർഘാസ് പരസ്യം

നമ്പർ ബി1-1536/18/എസി.എഫ്.എസ്. 2018 ജൂൺ 16.

കേരള ഗവർണ്ണർക്കുവേണ്ടി തൃശ്ശൂർ ജില്ലാ ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ തന്റെ അധീനതയിൽ വരുന്ന പ്രദേശങ്ങളിൽ ക്വിക്ക് റെസ്പോൺസ് ടീമിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിലേക്കായി താഴെ പറയുന്ന നിബന്ധനകളോടെ ഈ സാമ്പത്തിക വർഷത്തേക്ക് കരാറടിസ്ഥാനത്തിൽ വാഹനം നൽകുന്നതിനായി വാഹന ഉടമകളിൽ നിന്ന് മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ഇതിലേക്കുള്ള ദർഘാസുകൾ "Tender for Vehicle"എന്ന തലക്കെട്ടോടെ 16-7-2018-ാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി അസിസ്റ്റന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർ, തൃശ്ശൂർ എന്ന മേൽവിലാസത്തിൽ നിശ്ചിത മാതൃകയിലുള്ള എഗ്രിമെന്റും ഏതെങ്കിലും ദേശവൽകൃത ബാങ്കിൽ നിന്നും അസിസ്റ്റന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ പേരിൽ തൃശ്ശൂർ ജില്ലയിൽ മാറാവുന്ന നിരതദ്രവ്യമായ ഡിമാന്റ് ഡ്രാഫ്റ്റും ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്.

ദർഘാസ് ഫോറം വാങ്ങുന്നതിനായി ആയതിന്റെ വില ട്രഷറിയിൽ ചെലാൻ അടച്ച് ഹാജരാക്കേണ്ടതാണ്. (Head of Account-02-10-80-800-99 other receipts).

ദർഘാസ് നമ്പർ—02/2018-19/എസി.എഫ്.എസ്.

വാഹനത്തിന്റെ പേരും അടങ്കൽ തുകയും—മഹീന്ദ്ര ബൊലേറോ/റ്റാറ്റാ സുമോ/ഇതേ വിഭാഗത്തിൽപ്പെടുന്ന മറ്റ് ഏതെങ്കിലും വാഹനം, പ്രതിമാസം—` 30,000-35,000.

നിരതദ്രവ്യം—` 4,000.

ദർഘാസ് ഫോറത്തിന്റെ വില—` 840 + 18% ജി.എസ്.റ്റി.

പ്രവൃത്തിയുടെ കാലാവധി/കരാർ കാലാവധി—ഈ സാമ്പത്തിക വർഷം 2018-19.

ദർഘാസ് ഫോറം വിൽക്കുന്ന തീയതിയും സമയവും—5-7-2018 മുതൽ 7-7-2018, 5 മണിവരെ.

ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—16-7-2018 ഉച്ചയ്ക്ക് 1 മണിവരെ.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—16-7-2018, 2.30 മണി.

ദർഘാസ് അംഗീകരിക്കപ്പെടുന്ന വ്യക്തി/സ്ഥാപനം ദർഘാസ് മൊത്തം തുകയുടെ അഞ്ചു ശതമാനം (5%) തുക സെക്യൂരിറ്റിയായും നിശ്ചിത മാതൃകയിൽ എഗ്രിമെന്റും സമർപ്പിക്കുവാൻ ബാധ്യസ്ഥനാണ്.

നിബന്ധനകൾ

1. പ്രസ്തുത വാഹനവും ആവശ്യമായ ഡ്രൈവർമാരേയും ആഴ്ചയിൽ എല്ലാ ദിവസവും 24 മണിക്കൂറും ലഭ്യമാക്കേണ്ടതാണ്.
2. വാഹനത്തിന് ആവശ്യമായ ഇന്ധനത്തിന്റെ ചെലവ്, കാലാകാലങ്ങളിൽ സർക്കാർ ഏർപ്പെടുത്തുന്ന ജി. എസ്. ടി. എന്നിവ വാഹന ഉടമതന്നെ വഹിക്കേണ്ടതാണ്.
3. വാഹനം മാസത്തിൽ 1200 കിലോമീറ്റർ വരെ ഓടുന്നതിന് തയ്യാറായിരിക്കണം.
4. വാഹനത്തിന്റെ എല്ലാവിധ റിപ്പയറുകളും ഇൻഷ്വറൻസ്, ടോൾ എന്നിവ ഉൾപ്പെടെ മറ്റ് ബാധ്യതയും പ്രസ്തുത വാഹനത്തിന്റെ ഉടമ തന്നെ നിർവ്വഹിക്കേണ്ടതാണ്. ഈ ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർക്ക് ഇക്കാര്യങ്ങളിൽ യാതൊരു ബാധ്യതയും ഉണ്ടായിരിക്കുകയില്ല.
5. ഏതെങ്കിലും കാരണവശാൽ ടി വാഹനം ലഭ്യമാക്കാതിരുന്നാൽ പ്രസ്തുത വാഹന ഉടമയിൽ നിന്ന് കരാർ പ്രകാരം ടി ദിവസങ്ങളിലേക്കുള്ള പിഴസംഖ്യ പ്രത്യേകം ഈടാക്കുന്നതാണ്.
6. മൂന്നുദിവസത്തിൽ കൂടുതൽ പ്രസ്തുത വാഹനം ലഭ്യമാക്കാതിരുന്നാൽ ആയത് കരാർ ലംഘനമായി കണക്കാക്കി സർക്കാർ അനുവദിക്കുന്ന നിയമനടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ കരാർ ലഭിച്ചതിനുശേഷം നിശ്ചിത സമയത്തിനുള്ളിൽ വാഹന ഉടമ വാഹനം ലഭ്യമാക്കാതിരുന്നാലും ആയത് കരാർ ലംഘനമായി കണക്കാക്കി EMD കണ്ടുകെട്ടുന്നതാണ്.
7. വാഹനത്തിന്റെ സർവ്വീസ് സംബന്ധമായ കാര്യങ്ങൾക്കായി/ മറ്റേതെങ്കിലും സാഹചര്യങ്ങളിൽ വാഹനം ലഭ്യമാക്കാതിരിക്കുന്നപക്ഷം പകരം സംവിധാനം എന്ന നിലയിൽ ഇതേ കാറ്റഗറിയിൽ തന്നെയുള്ള മറ്റൊരു വാഹനം കോൺട്രാക്ടർ സ്വന്തം ചെലവിൽ ഏർപ്പെടുത്തേണ്ടതാണ്.
8. വാഹനത്തിന്റെ ഡ്രൈവർ ഒരു ടാക്സി ഡ്രൈവറുടെ നിശ്ചിത യൂണിഫോം നിർബന്ധമായും ധരിച്ചിരിക്കണം.
9. വാഹനം ഈ ഓഫീസിന്റെ കോമ്പൗണ്ടിൽ തന്നെ നിശ്ചിത ഓട്ടം കഴിഞ്ഞാൽ പാർക്ക് ചെയ്യേണ്ടതാണ്. വാഹനത്തിന്റെ ഓരോ ട്രിപ്പ് സംബന്ധവുമായുള്ള വിവരങ്ങൾ ലോഗ്ബുക്കിൽ വിശദമായി എഴുതി സൂക്ഷിച്ചിരിക്കണം.
10. ഈ വാഹനം ക്വിക്ക് റെസ്പോൺസ് ടീമിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടോ ഈ ഓഫീസ് ആവശ്യങ്ങൾക്കോ അല്ലാതെ ഉപയോഗിച്ചതായി ശ്രദ്ധയിൽപ്പെട്ടാൽ, ആയത് കരാർ ലംഘനമായി കണക്കാക്കി EMD കണ്ടുകെട്ടുന്നതാണ്.
11. വാഹനത്തിനും അതിന്റെ ഡ്രൈവർക്കും മോട്ടോർ വാഹനവകുപ്പ് നിർദ്ദേശിച്ചിരിക്കുന്ന എല്ലാവിധ രേഖകളും അനുബന്ധ സംവിധാനങ്ങളും ഉണ്ടായിരിക്കണം.
12. ടെണ്ടർ അംഗീകരിക്കുന്ന മുറയ്ക്ക് ടെണ്ടർ ലഭിച്ച കരാറുകാരൻ വാഹനത്തിന്റെ ഒറിജിനൽ R. C. Book, Tax Receipt, Insurance, Driving License എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ബാധ്യസ്ഥനാണ്.

ദർഘാസ് സംബന്ധിച്ചുള്ള ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമാണ്. കാലാകാലങ്ങളിൽ കേരള സർക്കാർ പുറപ്പെടുവിക്കുന്ന കരാർ അടിസ്ഥാനത്തിൽ വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നത് സംബന്ധിക്കുന്ന എല്ലാ ഉത്തരവുകളും, സർക്കുലറുകളും ഈ കരാറിൽ കൃത്യമായി പാലിക്കപ്പെടേണ്ടതാണ്. കാരണം കൂടാതെ ദർഘാസ് റദ്ദ് ചെയ്യുന്നതിനോ മാറ്റിവയ്ക്കാനോ ഉള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. മേൽ പ്രസ്താവിച്ച വാഹന കരാറിനെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ജി. ജയശ്രീ,
തൃശ്ശൂർ. ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ.